**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2296** **09-02-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ പൊതുസർവ്വീസ് രൂപീകരണത്തിലെ വിലയിരുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് രൂപീകരിച്ച തദ്ദേശ സ്വയംഭരണ പൊതുസർവ്വീസുമായി ബന്ധപ്പെട്ട് നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ്, സബോർഡിനേറ്റ് സർവ്വീസുകളുടെ വിശേഷാൽ ചട്ടങ്ങൾ 27.10.2022 തീയതിയിലെ സ.ഉ. (പി) നം. 74/2022/തസ്വഭവ, സ.ഉ. (പി) നം. 75/2022/തസ്വഭവ. എന്നീ ഉത്തരവുകൾ പ്രകാരം പ്രസിദ്ധപ്പെടുത്തുകയും, 01.11.2022-ലെ സ.ഉ. (ആർ.ടി) നം. 2660/2022/തസ്വഭവ ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെയും ജില്ലാ ഓഫീസുകളിലെയും തസ്തികകളുടെ എണ്ണം നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 9 ജില്ലകളിൽ ജില്ലാ മേധാവികളായ ജോയിന്റ് ഡയറക്ടർമാരെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ശേഷിക്കുന്ന ജില്ലകളിൽ മുതിർന്ന ജില്ലാതല ഉദ്യോഗസ്ഥർക്ക് ജോയിന്റ് ഡയറക്ടറുടെ ചുമതല നൽകിയിട്ടുമുണ്ട്. സംസ്ഥാനതല കാര്യാലയമായ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥ ക്രമീകരണ നടപടികൾ പൂർത്തിയായി വരുന്നു.<br><br>ജില്ലാതലത്തിൽ ജോയിന്റ് ഡയറക്ടർമാരുടെ കാര്യാലയങ്ങൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്ന നടപടി എല്ലാ ജില്ലകളിലും പുരോഗമിച്ചുവരുന്നു. ജില്ലാതല കാര്യാലയങ്ങളുടെ ഓർഗനോഗ്രാം അന്തിമമാക്കുന്നതും, ഓഫീസ് ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതും സംബന്ധിച്ച് 2023 ജനുവരി 24, 25 തീയതികളിൽ ഒരു ശില്പശാല സംഘടിപ്പിച്ചിരുന്നു. പ്രസ്തുത ശില്പശാലയുടെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിക്കുന്ന റിപ്പോർട്ട് കൂടി പരിഗണിച്ച് ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | പൊതു സർവ്വീസ് രൂപീകരണത്തിന് ശേഷം പൊതുജനങ്ങൾക്ക് ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | സംയോജനത്തിനുമുൻപ് വിവിധ വിഭാഗങ്ങൾ നൽകിയിരുന്ന എല്ലാ സേവനങ്ങളും സംയോജിത വകുപ്പിലും തുടരുന്നതാണ്. കൂടാതെ ഇലക്ട്രോണിക് |

| | | | | |
|---|---|---|---|---|
| | | | | വിദ്യയുടെ സഹായത്തോടെ ഓഫീസുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിനും അതിനുള്ള നേതൃത്വം നൽകുന്നതിനും പുതിയ സംവിധാനം ലക്ഷ്യമിടുന്നു. വിവര സാങ്കേതിക വിദ്യയുടേയും ഇ-ഗവേണൻസിന്റെയും സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി എല്ലാ ഓഫീസുകളിലും ഇ-ഫയലിംഗ് സംവിധാനം ഒരുക്കുന്നതിലൂടെ അതിവേഗ ഫയൽ സഞ്ചാരം ഉറപ്പുവരുത്തി പൊതുജനങ്ങളുടെ ആവശ്യങ്ങൾക്ക് മുനിസിപ്പാലിറ്റികളെയും പഞ്ചായത്തുകളെയും പരസ്പരം ബന്ധപ്പെടുത്തി ദ്രുതഗതിയിൽ പരിഹാരം ഉണ്ടാക്കുന്നതിനും സാധിക്കും. ഓഫീസുകളിലെ ഫയൽ സഞ്ചാരത്തിൽ തട്ടുകളുടെ എണ്ണം സാധാരണ നിലയിൽ മൂന്ന് ആയും കൂടുതൽ പരിശോധന ആവശ്യമുള്ള വിഷയങ്ങളിൽ മാത്രം നാല് തട്ടായും നിജപ്പെടുത്തുക വഴി ഫയലുകളിൽ വേഗത്തിൽ തീരുമാനം ഉണ്ടാകുന്നതിനും സേവന പ്രദാനത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനും സാധിക്കും. ഓഫീസുകളിൽ നിന്നും വിശിഷ്യാ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും സേവനം ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്ന പരാതികൾക്ക് പരിഹാരം കാണുന്നതിനും ഓഫീസുകൾക്ക് ജനപക്ഷമുഖം നൽകുന്നതിനും ഏകീകരണം വഴി സാധ്യമാകും. പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും ലഭ്യമാവുന്ന സേവനങ്ങൾക്കും സാക്ഷ്യപത്രങ്ങൾക്കും ഒരേ രീതിയിലുള്ള ഫോമുകളും രേഖകളും മാത്രം ഉപയോഗിക്കുന്ന രീതി അവലംബിക്കാനും അതുവഴി ഫയൽ നീക്കം വേഗത്തിലാക്കാനും സാധിക്കുന്നതാണ്. തദ്ദേശഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളും നഗരസഭകളും അഭിമുഖീകരിക്കുന്ന പൊതുപ്രശ്നങ്ങളിൽ ഏകോപിതമായ പരിഹാരം കണ്ടെത്തുന്നതിനും സംയുക്തമായി പദ്ധതികളും സ്കീമുകളും ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സഹായകമായ വിധത്തിൽ ഏകോപിത ജില്ലാ സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ